STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.32/PR/SPMC/PHQ/2023 Date:15.03.2023

## പോലീസ് വാഹനങ്ങൾ മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു

പോലീസിനായി വാങ്ങിയ 315 വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. തിരുവനന്തപുരത്ത് തൈക്കാട് പോലീസ് മൈതാനത്ത് നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തും മുതിർന്ന ഓഫീസർമാരും സംബന്ധിച്ചു.

പദ്ധതി വിഹിതം, പോലീസിന്റെ ആധുനീകരണത്തിനുള്ള ഫണ്ട്, കേരള റോഡ് സേഫ്റ്റി ഫണ്ട് എന്നിവയിൽ നിന്ന് 28 കോടി രൂപ മുടക്കിയാണ് വാഹനങ്ങൾ വാങ്ങിയത്. പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂം, ബറ്റാലിയൻ, എമർജൻസി റെസ്പോൺസ് സപ്പോർട് സിസ്റ്റം, ട്രാഫിക് എൻഫോഴ്സ്മെന്റ്, സ്പെഷ്യൽ യൂണിറ്റ് എന്നിവയ്ക്കാണ് വാഹനങ്ങൾ ലഭിക്കുന്നത്. രണ്ട് ഇലക്ട്രിക്ക് വാഹനങ്ങളും സേനയുടെ ഭാഗമായി. പോലീസ് സ്റ്റേഷനുകളുടെ ആവശ്യത്തിനായി 69 മോട്ടോർ സൈക്കിളുകളും ഇന്ന് നിരത്തിലിറങ്ങി .

ബൊലേറോ, എക്സ് യു വി 300 , ഗൂർഖ, ബൊലേറോ നിയോ, മഹിന്ദ്ര ഥാർ വാഹനങ്ങളാണ് ഇന്ന് മുഖ്യമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തത്.

**********************